സഡക് യോജന

180 (1650) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന സഡക് പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ ആണോ ഇത്തരം പദ്ധതികൾ നടപ്പിലാക്കുവാനുള്ള പ്രധാന തടസ്സമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാരിന്റെ താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് പ്രധാന തടസ്സമായി നിൽക്കുന്നത്.

1. ഈ പദ്ധതിപ്രകാരം റോഡിന്റെവീതി 7.5 മീറ്ററും, ഓടയുടെ വീതി 0.5 മീറ്ററുമാണ്. 7.5 മീറ്റർ വീതിയിൽ 3.75 മീറ്റർ (Carriage Way) ടാർ ചെയ്യുന്നതാണ്. ഇതു കൂടാതെ വളവുകളിൽ വരുന്ന റേഡിയസ് അനുസരിച്ച് 0.6 മീറ്റർ മുതൽ 0.9 മീറ്റർ വരെ ടാർ ചെയ്യുന്ന പ്രതലത്തിന്റെ വീതികൂടുന്നതാണ്. ജനസാന്ദ്രത കൂടിയ നമ്മുടെ സംസ്ഥാനത്ത് ഈ മാനദണ്ഡപ്രകാരം സ്ഥലം ലഭ്യമാക്കുവാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

2. റോഡ് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന യൂട്ടിലിറ്റികൾമാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ചെലവ് കേന്ദ്രസർക്കാർ വഹിക്കുന്നില്ല.

3. നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡിന്റെ ചരിവ് 1:12:5 ആയിരിക്കണം എന്നതും റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

നബാർഡിന്റെ വില്ലേജ് ഡെവലപ്മെന്റ് പദ്ധതി

181 (1651) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്തിനെ നബാർഡിന്റെ വില്ലേജ് ഡെവലപ്മെന്റ് പദ്ധതിയിൽപ്പെടുത്തുന്നതിലേക്ക് നടപടി സ്വീകരിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly